## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5883

09 /07/2012 - ൽ
മറുപടിക്ക്

### പാചക വിതരണ ഏജൻസികളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ചന്ദ്രൻ | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പാചക വാതക വിതരണ ഏജൻസികളുടെ പ്രവർത്തനത്തെക്കുറിച്ച് ഉപഭോക്താക്കൾക്കുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) പാചക വാതക സിലിണ്ടറുകളിൽ കൃത്യമായ അളവിൽ വാതകം നിറച്ചിട്ടുണ്ടെന്ന് ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്താൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; | ബി) പാചക വാതക വിതരണം ചെയ്യുന്ന ഡെലിവറി ബോയിസിന്റെ കൈയ്യിൽ പോർട്ടബിൾ വേവിങ് സ്കെയിൽ ഉണ്ടായിരിക്കണമെന്നും ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം റീഫിൽ സിലിണ്ടറുകൾ തൂക്കി അളവ് കൃത്യപ്പെടുത്തി വിതരണം ചെയ്യണമെന്നുമുള്ള നിർദ്ദേശം എല്ലാ ഗ്യാസ് ഏജൻസികൾക്കും നൽകിയിട്ടുണ്ടെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| സി) അളവിൽ കൃത്രിമം കാണിക്കുന്ന ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | സി) തൂക്കത്തിൽ കുറവുള്ള സിലിണ്ടറുകൾ ഓയിൽ കമ്പനി സീലുകളില്ലാത്ത സിലിണ്ടറുകൾ എന്നിവ വിതരണം ചെയ്യുന്ന പക്ഷം ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ അത്തരം ഗ്യാസ് ഏജൻസികൾക്കെതിരെ ഓയിൽ കമ്പനികളുടെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ് പ്രകാരം നടപടി എടുക്കാറുണ്ടെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ബുക്കുചെയ്യുന്നതിന്റെ മുൻഗണനാ ക്രമത്തിൽ ഗ്യാസ് സിലിണ്ടറുകൾ എത്തിക്കുന്നതിനും, സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകുമോ? | ഡി) | റീഫിൽ സിലിണ്ടറുകൾ പരമാവധി മുൻഗണനാ ക്രമത്തിൽ തന്നെയാണ് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ അംഗീകൃത വിപണന മേഖലയ്ക്കും പുറത്തുള്ള ഉൾപ്രദേശങ്ങളിലേക്ക് ഒരു പ്രത്യേക ദിവസം മുൻകൂട്ടി നിശ്ചയിച്ച് വിതരണം നടത്തി വരുന്നതിനാൽ ബുക്കിംഗ് മുൻഗണനാ ക്രമം പാലിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാന തല കോ ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ